**//ഭരണഭാഷ - മാതൃഭാഷ//**

നമ്പർ: എൽ/640/2018/ലൈഫ്

ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് (ജില്ലാ പഞ്ചായത്ത്) കണ്ണൂർ,
തീയ്യതി 08.11.2019,
ഫോൺ: 04972700143
ഇ-മെയിൽ: lifemissionknr@gmail.com

പ്രേഷിതൻ

കോ - ഓർഡിനേറ്റർ,
ലൈഫ് മിഷൻ
കണ്ണൂർ

സ്വീകർത്താവ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
ലൈഫ് മിഷൻ,
തിരുവനന്തപുരം

സർ,

**വിഷയം:-** ലൈഫ് മിഷൻ മൂന്നാംഘട്ടം- ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങുന്നത്- സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കുന്നതു സംബന്ധിച്ച് :-

**സൂചന:-**
(1) തദ്ദേശ ഭഇം സ്ഥാപന വകുപ്പിന്റെ 26.09.2019 ലെ LSGD_DB1/304/2019 നം സർക്കുലർ
(2) 06.06.2019 ലെ ഡി. ബി1/167/2019/ത.സ്വ.ഭ.വ. നം സർക്കുലർ
(3) നികുതി വകുപ്പിന്റെ 03.06.2019 ടി. ഡി. ജി. ഒ. പി. 84/2019, ടി. ഡി. ജി. ഒ. പി. 83/2019 നം ഉത്തരവുകൾ

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ലൈഫ് മിഷൻ ഭവന പദ്ധതിയിലെ അർഹരായ ഭുരഹരിത ഭവന രഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് സൂചന (1), (2) പ്രകാരം അനുവദിച്ചിട്ടുണ്ട്. സൂചന(3) ലെ നികുതി വകുപ്പിന്റെ ഉത്തരവ് പ്രകാരം സ്വന്തം നിലയിൽ പണം കണ്ടെത്തി ഭൂമി നല്കുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകി ഭൂമി വാങ്ങുന്ന ഗുണഭോക്താക്കൾക്കുകൂടി ഈ സൗകര്യം ലഭ്യമാക്കേണ്ടതാണ്. ഇല്ലെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീയിനങ്ങളിൽ അവർക്ക് ലഭിക്കുന്ന ധനസഹായത്തിൽനിന്ന് നല്ലൊരു തുക ചെലവഴിക്കേണ്ടി വരും

ആയതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിലെ സൂചന(3) പ്രകാരം അനുവദിച്ച ഇളവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ധനസഹായമുപയോഗിച്ച് ഭൂമി വാങ്ങുന്ന ഗുണഭോക്താക്കൾക്ക് കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു

വിശ്വസ്തതയോടെ,

08/11/19

കോ - ഓർഡിനേറ്റർ,
ലൈഫ്മിഷൻ
കണ്ണൂർ